22–9–86–ൽ എ8.14394/84–ാം നംബറായി മുഖ്യവനപാലകൻ എല്ലാ മേഖലാ/മണ്ഡല വനപാലകർക്കയച്ച കത്തിന്റെ പകർപ്പ്.

------

വിഷയം:– വനവികസന നികുതി ഉൾപ്പെടുത്തി വിൽപ്പന നികുതി ഈടാക്കുന്നത് സംബന്ധിച്ച്.

സൂചന:– കൊല്ലം വനപാലകന്റെ 11–10–1984–നുള്ള എ2–6856/85 എന്ന കത്ത്.

-----

കൊല്ലം മേഖല വനപാലകന്റെ മേൽ കാണിച്ച എഴുത്ത് പ്രകാരം വനവികസന നികുതി ഉൾപ്പെടെയുള്ള വിലക്കാണോ വിൽപനനികുതി ഈടാക്കേണ്ടത്. അഥവാ വിൽപന നികുതി ഉൾപ്പെടെയുള്ള വിലക്കാണോ വനവികസന നികുതി ഈടാക്കേണ്ടതെന്നകാര്യത്തിൽ ഒരു സ്പഷ്ട്ടീകരണ ഉത്തരവിനായി അപേക്ഷിച്ചിരുന്നു. ഈ കാര്യത്തിൽ താഴെപറയുന്ന സ്പഷ്ടീകരണോത്തരവു എല്ലാ കീഴ് ഘടകങ്ങളുടെ അറിവിനായി അയക്കുന്നു.

2. വനവികസന നികുതി ഉൽപ്പന്ന വിലയുടെ 5 (അൻപത്) ശതമാനമാകുന്നു. ഉൽപന്നവിലയിൽ വനവികസനനികുതി കണക്കാക്കുമ്പോൾ വിൽപ്പന നികുതി വിലയോട് ചേർക്കേണ്ടതില്ല. അതേപ്രകാരംതന്നെ വിൽപ്പന നികുതി കണക്കാക്കുമ്പോൾ വനവികസന നികുതി, ഉൽപ്പന്നവിലയോട് ചേർക്കേണ്ടതില്ലെന്നും, എല്ലാ കീഴ്ഘടകങ്ങളേയും അറിയിക്കുന്നു.

(ഒപ്പ്), മുഖ്യ വനപാലകന് വേണ്ടി.

<u>ഇൻടാസ് നംബർ–എച്ച് എ.10012/86 തീയതി/4–10–1986.</u>

പകർപ്പ് എല്ലാ സെക്ഷനും (ഓഫീസിലെ), മറ്റ് എച്ച്. എ./ജെഎസ്/എസ്.എസ്/എ.എ./സ്റ്റോക്ക് ഫയലിലേക്കും.

വനപാലകനു വേണ്ടി,
(തൃശ്ശൂർ)

൧ാം/7—–11–1986.

-----